മെട്രോ വാർത്ത

20 October 2016

# ശുചിത്വ ബോധവത്കരണം: സിഎംഎഫ്ആർഐ ജീവനക്കാർ മനുഷ്യച്ചങ്ങല തീർത്തു

കൊച്ചി: ശുചിത്വ ഭാരതം ആശയത്തിന്റെ പ്രചാരണാർഥം കേന്ദ്ര സമുദ്രമത്സ്യഗവേഷണ സ്ഥാപനത്തിലെ (സിഎംഎഫ്ആർഐ) ജീവനക്കാർ നഗരത്തിൽ മനുഷ്യച്ചങ്ങല തീർത്തു. സിഎംഎഫ്ആർഐ നടത്തുന്ന സ്വച്ഛ്ഭാരത് അഭിയാനിന്റെ ഭാഗമായായിരുന്നു പരിപാടി. പരിസര ശുചീകരണത്തിൽ പൊതുജനങ്ങളെ ബോധവലത്കരിക്കുകയെന്ന ലക്ഷ്യത്തോടെ ശാസ്ത്രജ്ഞരടക്കം 500 ഓളം പേർ മനുഷ്യച്ചങ്ങലയിൽ അണിനിരന്നു. ശുചിത്വവുമായി ബന്ധപ്പെട്ട പ്ലക്കാർഡുകളുമായാണു മനുഷ്യച്ചങ്ങല തീർത്തത്.

രണ്ടാഴ്ച നീണ്ടുനിൽക്കുന്ന ശുചീകരണ യജ്ഞത്തിൽ ബീച്ചുകൾ, ഹാർബറുകൾ, നഗരങ്ങളിലെ വിവിധ തെരുവുകൾ എന്നിവിടങ്ങളിൽ ജീവനക്കാർ ശുചീകരണം നടത്തും. ബോധവത്കരണ ക്ലാസുകളും മത്സരങ്ങളും പരിപാടിയുടെ ഭാഗമായി നടത്തും.



പരിസര ശുചീകരണത്തിൽ പൊതുജനങ്ങളെ ബോധവത്ക്കരിക്കുകയെന്ന ലക്ഷ്യത്തോടെ സിഎംഎഫ്ആർഐ നടത്തിയ മനുഷ്യച്ചങ്ങല.